**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6407** **20-03-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര ചെക്ക് പോസ്റ്റുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും എത്ര ജീവനക്കാരാണ് ഓരോ ചെക്ക് പോസ്റ്റിലും ഉള്ളതെന്നും പട്ടിക തിരിച്ച് വിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ചെക്ക് പോസ്റ്റുകളുടെയും ജീവനക്കാരുടേയും വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | വനം വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് റോഡിന് കുറുകെ പോസ്റ്റ് സ്ഥാപിച്ച് വാഹനങ്ങളേയും വ്യക്തികളേയും തടഞ്ഞ് പരിശോധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | വനം വകുപ്പിന്റെ കീഴിൽ റോഡിന് കുറുകെ പോസ്റ്റ് സ്ഥാപിച്ചിട്ടുള്ളതും, വാഹനങ്ങളേയും വ്യക്തികളേയും തടഞ്ഞ് പരിശോധന നടത്തുന്നതുമായ ചെക്ക് പോസ്റ്റുകളുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | വനം വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ സംസ്ഥാനത്തിന് അകത്തും പുറത്തും നിന്നും വരുന്ന വാഹനങ്ങൾ പരിശോധനയ്ക്ക് എത്തുമ്പോൾ താൽക്കാലിക വാച്ചർമാരെ ഉപയോഗിച്ച് പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിലെ ഗോൾഡൻവാലി ചെക്ക് പോസ്റ്റിൽ പൊന്മുടി ഇക്കോടൂറിസം ഗൈഡുമാരാണ് നിലവിൽ പരിശോധന നടത്തിവരുന്നുന്നത്. കൂടാതെ കോതമംഗലം ഡിവിഷനിലെ കുരുതിക്കുളം ചെക്ക് പോസ്റ്റിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് സഹായത്തിനായി താൽക്കാലിക വാച്ചർമാരേയും നിയോഗിച്ചുവരുന്നുണ്ട്. |
| (ഡി) | ചെക്ക് പോസ്റ്റുകളിൽ വാഹനം പരിശോധനയ്ക്ക് വിധേയമാക്കാത്തതും വാഹനങ്ങളുടെ വിവരം രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി ജിവനക്കാരെ മറ്റ് സ്റ്റേഷനുകളിലേയ്ക്കോ എൻഫോഴ്സ്മെന്റിന്റെ ഭാഗമാക്കി മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ചെക്ക് പോസ്റ്റുകളിൽ വാഹനം പരിശോധനയ്ക്ക് വിധേയമാക്കാത്തതും, വാഹനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതുമായ ഒരു സംഭവം സൗത്ത് വയനാട് ഡിവിഷനിലെ ലക്കിടി ചെക്ക് പോസ്റ്റിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പനംകുട്ടി, തലക്കോട്, ബോഡിമെട്ട്, പാലാർ ചെക്ക് പോസ്റ്റുകൾ ദേശീയ/ സംസ്ഥാന പാതകൾ ഉൾപ്പെടെ വളരെ തിരക്കേറിയ റോഡുകളിൽ സ്ഥിതി ചെയ്യുന്നതിനാൽ എല്ലാ വാഹനങ്ങളും പൂർണ്ണമായും പരിശോധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി ചെക്ക് പോസ്റ്റുകളിലൂടെ തടി, വനവിഭവങ്ങൾ, വന്യജീവി കടത്ത് ഉൾപ്പെടെയുള്ളവ കണ്ടെത്തുന്നതിന്, ചരക്ക് |

| | | | |
|---|---|---|---|
| | | | വണ്ടികൾ കൃത്യമായി പരിശോധിച്ച ശേഷമാണ് കടത്തി വിടുന്നത്. സംശയാസ്പദമായ സാഹചര്യങ്ങളിലും, രഹസ്യ/ഇൻറലിജൻസ് വിവരങ്ങളുടെ അടിസ്ഥാനത്തിലും മറ്റ് വാഹനങ്ങളിലും പരിശോധന നടത്താറുണ്ട്. ഇത്തരത്തിൽ വനകുറ്റകൃത്യങ്ങൾ ഒരു പരിധി വരെ തടയുന്നതിന് സാധിക്കുന്നുണ്ട്. |
| (ഇ) | ചെക്ക് പോസ്റ്റ് വഴി കടന്ന് പോകുന്ന വാഹനങ്ങൾ നിർത്തി രേഖകൾ പരിശോധിക്കാതെ 24 മണിക്കൂറും ജീവനക്കാരെ ഡ്യൂട്ടിക്ക് മാത്രം നിയോഗിച്ച് പ്രവർത്തിക്കുന്ന ചെക്ക് പോസ്റ്റുകൾ കൊണ്ട് വനം വകുപ്പ് ലക്ഷ്യം വയ്ക്കുന്നത് എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) | വനം-വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായും, തടി, ചന്ദനം, ആനക്കൊമ്പ്, മറ്റ് വനവിഭവങ്ങളുടെ അനധികൃത കടത്ത്, വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെൻറുകളിലേക്കുള്ള അനധികൃത പ്രവേശനവും, ഇടപെടലുകളും തടയുന്നതിനുമായാണ് വനംവകുപ്പ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിപ്പിച്ചു വരുന്നത്. റാന്നി ഡിവിഷനിലെ വടശ്ശേരിക്കര, രാജംപാറ ചെക്ക് പോസ്റ്റുകളിൽ ശബരിമല സീസണിൽ തീർത്ഥാടക പ്രവാഹം നിയന്ത്രണാതീതമാകുകയാണെങ്കിൽ ആയത് നിയന്ത്രണ വിധേയമാക്കുവാനുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ചെക്ക്പോസ്റ്റ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| | സതേൺ സർക്കിൾ | | | |
| 1 | തിരുവനന്തപുരം | പരുത്തിപ്പള്ളി | പാറശ്ശാല | 3 |
| 2 | | പാലോട് | ഗോൾഡൻവാലി | 3 (ഇക്കോ ടൂറിസം ഗൈഡുമാർ) |
| 3 | കോന്നി | നടുവത്തുമൂഴി | ഞണവാൽ | 2 |
| 4 | | മണ്ണാറപ്പാറ | മുള്ളുമല | 2 |
| 5 | റാന്നി | ഗൂഡ്രിക്കൽ | ഇലവുങ്കൽ | 4 |
| 6 | | | കൊച്ചാണ്ടി | 4 |
| 7 | | വടശ്ശേരിക്കര | വടശ്ശേരിക്കര | 3 |
| 8 | | റാന്നി | രാജാംപാറ | 1 |
| 9 | തെന്മല | ആര്യങ്കാവ് | കോട്ടവാസൽ | 2 |
| 10 | | തെന്മല | നെടുവന്നൂർക്കടവ് | 3 |
| 11 | അച്ചൻകോവിൽ | അച്ചൻകോവിൽ | കോട്ടവാസൽ | 5 |
| | ഹൈറേഞ്ച് സർക്കിൾ | | | |
| 12 | കോട്ടയം | കുമളി | കമ്പംമെട്ട് | 4 |
| 13 | | എരുമേലി | വഴിക്കടവ് | 4 |
| 14 | കോതമംഗലം | തൊടുപുഴ | കുരുതിക്കുളം | 4 |
| 15 | മൂന്നാർ | നേര്യമംഗലം | തലക്കോട് | 3 |
| 16 | | അടിമാലി | പനംകുട്ടി | 2 |
| 17 | | ദേവികുളം | ബോഡിമെട്ട് | 1 |
| 18 | | | പാലാർ | 1 |
| 19 | മറയൂർ | മറയൂർ | ചട്ടമൂന്നാർ | 3 |
| 20 | | കാന്തല്ലൂർ | പയസ് നഗർ ചെക്കിംഗ് സ്റ്റേഷൻ | 2 |
| | സെൻട്രൽ സർക്കിൾ | | | |
| 21 | വാഴച്ചാൽ | ഷോളയാർ | മലക്കപ്പാറ | 2 |
| 22 | | ചാർപ്പ | വാഴച്ചാൽ | 3 |
| 23 | മലയാറ്റൂർ | തുണ്ടത്തിൽ | ഭൂതത്താൻകെട്ട് | 3 |
| 24 | | കുട്ടമ്പുഴ | തട്ടേക്കാട് | 3 |
| 25 | | കാലടി | കടപ്പാറ | 2 |
| | ഈസ്റ്റേൺ സർക്കിൾ | | | |
| 26 | നിലമ്പൂർ നോർത്ത് | വഴിക്കടവ് | ആനമറി | 2 |
| 27 | നിലമ്പൂർ സൗത്ത് | കരുളായി | ചെറുപുഴ | 2 |
| 28 | മണ്ണാർക്കാട് | അഗളി | ആനക്കട്ടി | 3 |
| 29 | | മണ്ണാർക്കാട് | ആനമൂളി | 2 |
| 30 | | | ഇഞ്ചിക്കുന്ന് | 2 |
| 31 | പാലക്കാട് | വാളയാർ | വാളയാർ | 2 |
| 32 | നെന്മാറ | കൊല്ലങ്കോട് | മീനാക്ഷിപുരം | 2 |
| 33 | | | ഗോപാലപുരം | 2 |
| 34 | | നെല്ലിയാമ്പതി | പോത്തുണ്ടി | 3 |

| | | | | |
|---|---|---|---|---|
| | നോർത്തേൺ സർക്കിൾ | | | |
| 35 | കണ്ണൂർ | കൊട്ടിയൂർ | കൂട്ടുപുഴ | 3 |
| 36 | നോർത്ത് വയനാട് | പേര്യ | നിരവിൽപുഴ | 1 |
| 37 | സൗത്ത് വയനാട് | മേപ്പാടി | ചോലാടി | 2 |
| 38 | | കൽപ്പറ്റ | ലക്കിടി | 2 |
| 39 | കാസർഗോഡ് | കാസർഗോഡ് | കൊട്ട്യാടി (വാച്ചിംഗ് സ്റ്റേഷൻ) | 3 |
| 40 | | | തലപ്പാടി | 2 |
| 41 | | കാഞ്ഞങ്ങാട് | പാണത്തൂർ | 2 |
| | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | | | |
| 42 | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | പേപ്പാറ | കാണിത്തടം | 1 |
| 43 | | കോട്ടൂർ | കോട്ടൂർ | 1 |
| | എഫ്.ഡി.പി.റ്റി.കോട്ടയം | | | |
| 44 | പെരിയാർ ഈസ്റ്റ്, തേക്കടി | വള്ളക്കടവ് | വള്ളക്കടവ് | 1 |
| 45 | | | ഗവി-ആനത്തോട് | 1 |
| 46 | മൂന്നാർ വൈൽഡ് ലൈഫ് | ചിന്നാർ | ചിന്നാർ | 3 |
| 47 | | | കരിമുട്ടി | 3 |
| 48 | | ഇരവികുളം നാഷണൽ പാർക്ക് | രാജമല അഞ്ചാംമൈൽ | 2 |
| 49 | | ഷോല നാഷണൽ പാർക്ക് | ടോപ്പ് സ്റ്റേഷൻ | 2 |
| | വൈൽഡ് ലൈഫ്, പാലക്കാട് | | | |
| 50 | പറമ്പിക്കുളം | സുങ്കം | ആനപ്പാടി | 3 |
| 51 | | സുങ്കം | കീരപ്പാടി | 3 |
| 52 | | ഒരുകൊമ്പൻ | തുത്തൻപ്പാറ | 2 |
| 53 | വയനാട് | കുറിച്ച്യാട് | മൂന്നാംമൈൽ (കുപ്പാടി) | 1 |
| 54 | | മുത്തങ്ങ | പഴൂർ | 2 |
| 55 | | മുത്തങ്ങ | മുത്തങ്ങ | 2 |
| 56 | | തോൽപ്പെട്ടി | തോൽപ്പെട്ടി | 2 |
| 57 | | തോൽപ്പെട്ടി | ബവാലി | 2 |
| 58 | പീച്ചി | ചിമ്മിനി | ചിമ്മിനി (എച്ചിപ്പാറ) | 2 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ചെക്ക്പോസ്റ്റ് |
|---|---|---|---|
| | സതേൺ സർക്കിൾ | | |
| 1 | തിരുവനന്തപുരം | പാലോട് | ഗോൾഡൻവാലി |
| 2 | കോന്നി | നടുവത്തുമൂഴി | ഞണവാൽ |
| 3 | | മണ്ണാറപ്പാറ | മുള്ളുമല |
| 4 | റാന്നി | ഗൂഡ്രിക്കൽ | ഇലവുങ്കൽ |
| 5 | | ഗൂഡ്രിക്കൽ | കൊച്ചാണ്ടി |
| 6 | | റാന്നി | രാജംപാറ |
| 7 | | വടശ്ശേരിക്കര | വടശ്ശേരിക്കര |
| 8 | തെന്മല | ആര്യങ്കാവ് | കോട്ടവാസൽ |
| 9 | | തെന്മല | നെടുവന്നൂർക്കടവ് |
| 10 | അച്ചൻകോവിൽ | അച്ചൻകോവിൽ | കോട്ടവാസൽ |
| | ഹൈറേഞ്ച് സർക്കിൾ | | |
| 1 | കോട്ടയം | കുമളി | കമ്പംമെട്ട് |
| 2 | | എരുമേലി | വഴിക്കടവ് |
| 3 | കോതമംഗലം | തൊടുപുഴ | കുരുതിക്കുളം |
| 4 | മൂന്നാർ | നേര്യമംഗലം | തലക്കോട് |
| 5 | | അടിമാലി | പനംകുട്ടി |
| 6 | | ദേവികുളം | ബോഡിമെട്ട് |
| 7 | | ദേവികുളം | പാലാർ |
| 8 | മറയൂർ | മറയൂർ | ചട്ടമൂന്നാർ |
| 9 | | കാന്തല്ലൂർ | പയസ് നഗർ ചെക്കിംഗ് സ്റ്റേഷൻ |
| | സെൻട്രൽ സർക്കിൾ | | |
| 1 | വാഴച്ചാൽ | ഷോളയാർ | മലക്കപ്പാറ |
| 2 | | ചാർപ്പ | വാഴച്ചാൽ |
| 3 | മലയാറ്റൂർ | തുണ്ടത്തിൽ | ഭൂതത്താൻകെട്ട് |
| 4 | | കുട്ടമ്പുഴ | തട്ടേക്കാട് |
| 5 | | കാലടി | കടപ്പാറ |
| | ഈസ്റ്റേൺ സർക്കിൾ | | |
| 1 | നിലമ്പൂർ നോർത്ത് | വഴിക്കടവ് | ആനമറി |
| 2 | നിലമ്പൂർ സൗത്ത് | കരുളായി | ചെറുപുഴ |
| 3 | മണ്ണാർക്കാട് | അഗളി | ആനക്കട്ടി |
| 4 | | മണ്ണാർക്കാട് | ആനമൂളി |
| 5 | | | ഇഞ്ചിക്കുന്ന് |
| 6 | നെന്മാറ | കൊല്ലങ്കോട് | മീനാക്ഷിപുരം |
| 7 | | | ഗോപാലപുരം |
| 8 | | നെല്ലിയാമ്പതി | പോത്തുണ്ടി |
| 9 | പാലക്കാട് | വാളയാർ | വാളയാർ |
| | നോർത്തേൺ സർക്കിൾ | | |
| 1 | കണ്ണൂർ | ഇരിട്ടി | കൂട്ടുപുഴ |
| 2 | നോർത്ത് വയനാട് | പേര്യ | നിരവിൽപുഴ |
| 3 | സൗത്ത് വയനാട് | മേപ്പാടി | ചോലാടി |
| 4 | | കൽപ്പറ്റ | ലക്കിടി |
| 5 | കാസർഗോഡ് | കാസർഗോഡ് | കൊട്ട്യാടി (വാച്ചിംഗ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻ) |
| 6 | | | തലപ്പാടി |
| 7 | | കാഞ്ഞങ്ങാട് | പാണത്തൂർ |
| | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | | |
| 1 | തിരുവനന്തപുരം വൈൽഡ്‌ലൈഫ് | പേപ്പാറ | കാണിത്തടം |
| 2 | | കോട്ടൂർ | കോട്ടൂർ |
| | എഫ്.ഡി.പി.റ്റി.കോട്ടയം | | |
| 1 | പെരിയാർ ഈസ്റ്റ്, തേക്കടി | വള്ളക്കടവ് | വള്ളക്കടവ് |
| 2 | | | ഗവി-ആനത്തോട് |
| 3 | മൂന്നാർ വൈൽഡ് ലൈഫ് | ചിന്നാർ | ചിന്നാർ |
| 4 | | | കരിമുട്ടി |
| 5 | | ഇരവികുളം നാഷണൽ പാർക്ക് | രാജമല അഞ്ചാംമൈൽ |
| 6 | | ഷോല നാഷണൽ പാർക്ക് | ടോപ്പ് സ്റ്റേഷൻ |
| | വൈൽഡ് ലൈഫ്, പാലക്കാട് | | |
| 1 | പറമ്പിക്കുളം | സുങ്കം | ആനപ്പാടി |
| 2 | | സുങ്കം | കീരപ്പാടി |
| 3 | വയനാട് | കുറിച്യാട് | മൂന്നാംമൈൽ (കുപ്പാടി) |
| 4 | | മുത്തങ്ങ | പഴൂർ |
| 5 | | മുത്തങ്ങ | മുത്തങ്ങ |
| 6 | | തോൽപ്പെട്ടി | തോൽപ്പെട്ടി |
| 7 | | തോൽപ്പെട്ടി | ബവാലി |

Noushad.

സെക്ഷൻ ഓഫീസർ